**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3261** **08-10-2025 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ മാറാക്കര ഗ്രാമപഞ്ചായത്തിലെ കണ്ണംകുളം-കണ്ണംകടവ് റോഡ്, വളാഞ്ചേരി നഗരസഭയിലെ കഞ്ഞിപ്പുര-കാടാമ്പുഴ റോഡ് എന്നിവയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റോഡുകൾ നവീകരിക്കുന്നത് സംബന്ധിച്ച് നൽകിയ നിവേദനത്തിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കണ്ണംകുളം - കണ്ണംകടവ് റോഡിന്റെ നവീകരണത്തിനായി 6 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആവശ്യമായ ബജറ്റ് പ്രൊവിഷൻ ഇല്ലാത്തതിനാൽ ഭരണാനുമതിക്കായി പരിഗണിച്ചിട്ടില്ല. കഞ്ഞിപ്പുര-കാടാമ്പുഴ റോഡിന്റെ നവീകരണത്തിനായി നബാർഡ് ട്രാഞ്ചേ XXVIII ഫണ്ടിൽ ഉൾപ്പെടുത്തി 6 കോടി രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നെങ്കിലും അംഗീകാരം ലഭിച്ചിരുന്നില്ല. |
| (ബി) | പ്രസ്തുത റോഡുകൾ നവീകരിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ ചീഫ് എഞ്ചിനീയർ (പൊതുമരാമത്ത് വകുപ്പ്) ഓഫീസിലും സർക്കാർ തലത്തിലും സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | കണ്ണംകുളം - കണ്ണംകടവ് റോഡിന്റെ നവീകരണത്തിനായി 6 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആവശ്യമായ ബജറ്റ് പ്രൊവിഷൻ ഇല്ലാത്തതിനാൽ ഭരണാനുമതിക്കായി പരിഗണിച്ചിട്ടില്ല. കഞ്ഞിപ്പുര-കാടാമ്പുഴ റോഡിന്റെ നവീകരണത്തിനായി നബാർഡ് ട്രാഞ്ചേ XXVIII ഫണ്ടിൽ ഉൾപ്പെടുത്തി 6 കോടി രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നെങ്കിലും അംഗീകാരം ലഭിച്ചിരുന്നില്ല. |
| (സി) | ജില്ലാ ആസ്ഥാനമായ മലപ്പുറത്തേക്ക് എളുപ്പത്തിൽ എത്തിപ്പെടാൻ പ്രദേശവാസികളും യാത്രക്കാരും ആശ്രയിക്കുന്ന പ്രസ്തുത റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിച്ച് അവ ഗതാഗതയോഗ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | RC പ്രവൃത്തിയിൽ ഉൾപ്പെടുത്തി പ്രസ്തുത റോഡുകളുടെ മെയിന്റനൻസ് പ്രവൃത്തികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ